KSBCDC

ദിശ

OCTOBER 2017

KSBCDC NEWS LETTER

## സന്ദേശം



കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ അതിന്റെ പദ്ധതികളും പ്രവർത്തനവും ജനങ്ങളിലെത്തിക്കാൻ 'ദിശ' എന്ന പേരിൽ ഒരു വാർത്താപത്രിക തുടങ്ങുന്നു എന്നറിഞ്ഞതിൽ സന്തോഷം. സംസ്ഥാനത്തെ പിന്നോക്ക-മതന്യൂനപക്ഷ വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പുരോഗതിക്കുവേണ്ടി കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്. ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിൽ പിന്തള്ളപ്പെട്ടുപോയ വിഭാഗങ്ങളെ കൈപിടിച്ച് ഉയർത്തുമ്പോൾ മാത്രമേ സ്വാതന്ത്ര്യവും ജനാധിപത്യവും അർത്ഥപൂർണ്ണമാവുകയുള്ളൂ. അധഃസ്ഥിതരുടെയും പിന്നോക്കവിഭാഗങ്ങളുടെയും ഉയർച്ചയും ക്ഷേമവും എൽഡിഎഫ് സർക്കാരിന്റെ പ്രധാന അജണ്ടയാണ്. ഈ നയം പ്രാവർത്തികമാക്കുന്നതിന് കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾക്ക് വിജയമാശംസിക്കുന്നു.

**പിണറായി വിജയൻ**
മുഖ്യമന്ത്രി

## സന്ദേശം



സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ അതിന്റെ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും പ്രചരണാർത്ഥം 'ദിശ' എന്ന പേരിൽ ഒരു വാർത്താപത്രിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ വളരെ സന്തോഷം. പിന്നോക്ക ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പുരോഗതിക്കായി നിലകൊള്ളുന്ന ഈ സ്ഥാപനം വിവിധ വായ്പാ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വായ്പാ വിതരണം, തിരിച്ചടവ്, ഗുണഭോക്തൃസേവനം എന്നിവയിൽ ഇന്ത്യയിലെ തന്നെ മികച്ച സ്ഥാപനമാണിത്. കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾ സംബന്ധിച്ച് പിന്നോക്ക ജനവിഭാഗങ്ങൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിന് 'ദിശ'യ്ക്ക് കഴിയും. പ്രസിദ്ധീകരണത്തിന് എല്ലാവിജയങ്ങളും ആശംസിക്കുന്നു.

**എ.കെ. ബാലൻ**
പട്ടികജാതി/വർഗ്ഗം, പിന്നോക്കക്ഷേമം, നിയമം, സാംസ്കാരികം, പാർലമെന്ററികാര്യം വകുപ്പുമന്ത്രി

# ചരിത്രനേട്ടങ്ങൾക്ക് സാക്ഷിയായി 2016-17

• വായ്പാ വിതരണത്തിൽ വൻ കുതിപ്പ്. 37766 ഗുണഭോക്താക്കൾക്ക് 317 കോടി രൂപയുടെ വായ്പ വിതരണം • വായ്പാതിരിച്ചടവിലും മുൻ വർഷങ്ങളെ അപേക്ഷിച്ച് വൻ വർദ്ധനവ് ആകെ തിരിച്ചടവ് 269.30 കോടിരൂപ, തിരിച്ചടവ് ശതമാനം 97.06. • ഊർജ്ജിത റിക്കവറി നടപികൾ വഴി നിഷ്ക്രിയ ആസ്തികളിൽ 50 ശതമാനത്തോളം കുറവ് വരുത്തുന്നതിന് സാധിച്ചു • NBCFDC ഫണ്ടിൽ ഒരു സാമ്പത്തികവർഷത്തെ ഏറ്റവുംകൂടുതൽ വായ്പാ വിതരണം – 104.68 കോടി (മുൻകാല നേട്ടം 2012–13 ലെ 70.24 കോടി) • NMDFC ഫണ്ടിൽ ഒരു സാമ്പത്തികവർഷത്തെ ഏറ്റവും കൂടുതൽ വായ്പാ വിതരണം–59.74 കോടി (മുൻകാലനേട്ടം 2013–14 ലെ 50.68കോടി) • 88 കുടുംബശ്രീ സി.ഡി.എസ്സുകളിലും 6 സന്നദ്ധ സംഘടനകളിലും ഉൾപ്പെട്ട 23292 വനിതകൾക്ക് 66.74 കോടിരൂപയുടെ മൈക്രോ ക്രെഡിറ്റ്വായ്പ • ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ സിൽവർജൂബിലിഅവാർഡ് • പാലക്കാട്കോട്ട മൈതാനത്ത് ഒരു ലക്ഷത്തിൽപരം പേർ സന്ദർശിക്കുകയും, 80 ലക്ഷത്തോളം രൂപയുടെ ഉത്പന്നങ്ങളുടെ വിപണനം സാധ്യമാകുകയും ചെയ്ത പ്രദർശന വിപണന മേള.

# പുത്തൻ ദിശയിൽ പ്രതീക്ഷയോടെ

കേരളത്തിലെ മറ്റു പിന്നോക്ക വിഭാഗങ്ങൾ, മതന്യൂനപക്ഷങ്ങൾ എന്നിവയുടെ സമഗ്ര ഉന്നമനം ലക്ഷ്യം വച്ച് കൊണ്ട് 1995-ൽ സ്ഥാപിതമായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ സേവനപരതയോടെ പ്രയാണം തുടരുകയാണ്. നാളിതുവരെ 4.30 ലക്ഷം ഗുണഭോക്തൃ കുടുംബങ്ങൾക്ക് വിവിധ പദ്ധതികൾ പ്രകാരം 2550 കോടി രൂപ വായ്പയായി വിതരണം ചെയ്ത കോർപ്പറേഷൻ, യുവതീ യുവാക്കൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന പരിപാടികൾ, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, എന്നിവ നടപ്പിലാക്കുകയും ഗുണഭോക്താക്കളുടെ ഉൽപന്നങ്ങളുടെ വിപണനത്തിനുവേണ്ടി പ്രദർശന വിപണന മേളകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു.

നിലവിലുള്ള വായ്പാ പദ്ധതികൾ കൂടുതൽ ആകർഷകമാക്കിയും, ഗുണഭോക്താക്കൾക്ക് പ്രയോജനകരമായ പുതിയ പദ്ധതികൾ നടപ്പിൽ വരുത്തിയും വായ്പാ പദ്ധതികൾക്കുപരിയായി സമഗ്രവികസന സങ്കൽപ്പം മുന്നോട്ടു വച്ചും കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്ക് ഒരു പുതിയ ദിശാബോധം നൽകുന്നതിനുള്ള ഉദ്യമങ്ങൾക്ക് കഴിഞ്ഞ വർഷം തുടക്കം കുറിച്ചു കഴിഞ്ഞു.

2016-17 സാമ്പത്തിക വർഷം 317 കോടി രൂപ വായ്പയായി വിതരണം ചെയ്ത സ്ഥാനത്ത് പ്രവർത്തനപന്ഥാവിൽ 25 വർഷം പൂർത്തിയാകുന്ന 2020-21 വർഷത്തോടെ 1000 കോടി രൂപയുടെ വായ്പാ വിതരണം സാധ്യമാക്കുന്നതിന് ലക്ഷ്യമിടുന്നു. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ദേശീയ ഏജൻസികളോടൊപ്പം നബാർഡിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരണ ഘട്ടത്തിലാണ്.

നിലവിലുള്ള വായ്പ പദ്ധതികൾ കാലോചിതമായി പരിഷ്ക്കരിച്ച് പദ്ധതി മാർഗ്ഗരേഖ നടപ്പിൽ വരുത്തി കഴിഞ്ഞു. വിവാഹ വായ്പ ഉൾപ്പെടെ ഒട്ടേറെ പദ്ധതികളുടെ ആനുകൂല്യം വർദ്ധിപ്പിക്കുകയും മൈക്രോ ക്രഡിറ്റ് വായ്പാ അപേക്ഷാ സമർപ്പണത്തിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. 2016-17 സാമ്പത്തിക വർഷം മാത്രം 88 കുടുംബശ്രീ സി.ഡി.എസ്സകൾ വഴി 78 കോടി രൂപ മൈക്രോ ക്രെഡിറ്റ് വായ്പാ വിതരണം ചെയ്തു എന്നതാണ് കോർപ്പറേഷന്റെ പ്രവർത്തന ചരിത്രത്തിലെ പ്രധാന ഏടാണ്.

വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ പദ്ധതികളുമായി സംയോജിപ്പിച്ച് ഗുണഭോക്താവിന് കൂടുതൽ പ്രയോജനകരമായ വായ്പാ പദ്ധതികൾ നടപ്പിൽവരുത്തുന്നതിനുള്ള പരിശ്രമം ലക്ഷ്യപ്രാപ്തിയിൽ എത്തുകയാണ്. നോർക്കാ റൂട്ട്സുമായി ചേർന്ന് പ്രവാസികൾക്ക് വേണ്ടി 15% മൂലധന സബ്സിഡിയും 3% വരെ പലിശ സബ്സിഡിയും ലഭ്യമാകുന്ന പ്രവാസിപുനരധിവാസ സ്വയം തൊഴിൽ വായ്പാ പദ്ധതിയും ക്ഷീര വികസന വകുപ്പുമായി കൈകോർത്തുകൊണ്ട് ക്ഷീരമേഖലയിലെ സംരംഭങ്ങൾക്ക് 35% വരെ സബ്സിഡി ലഭ്യമാകുന്ന ക്ഷീര സമൃദ്ധി വായ്പാ പദ്ധതിയും ഈ വർഷം തന്നെ നടപ്പിലാവുകയാണ്. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭം ആരംഭിക്കുന്നതിന് വേണ്ടി പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ 20% സബ്സിഡി ആനുകൂല്യം ലഭ്യമാകുന്ന വായ്പാ പദ്ധതിയും, കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് സർക്കാർ സഹായത്തോടെ പലിശ രഹിത വായ്പ അനുവദിക്കുന്നതിനുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്. ഇടത്തരം വരുമാനക്കാർക്കുവേണ്ടിയുള്ള ഭവന നിർമ്മണ പദ്ധതിയും ഈ സാമ്പത്തിക വർഷത്തോടെ പ്രാബല്യത്തിൽ വരുത്തുന്നതാണ്.

പാലക്കാട് ജില്ലയിലെ കാവശ്ശേരി പഞ്ചായത്തിലെ മൺപാത്ര നിർമ്മാണ തൊഴിലാളികളുടെ തൊഴിൽ നവീകരണത്തിനും ആധുനികവർക്കരണത്തിനും വേണ്ടി നടപ്പിലാക്കിയ പദ്ധതി, വായ്പാ വിതരണത്തിനപ്പുറത്തേയ്ക്ക് ഒരു നവീന ഗുണഭോക്തൃ സൗഹൃദ വികസന ജാലകം തുറന്നുകാട്ടുന്നതിന്റെ പ്രാരംഭമാണ്. സമാനമായ കൂടുതൽ പദ്ധതികൾ പരിഗണനയിലാണ്. കേരളത്തിൽ ലാഭക്ഷമമായി നടപ്പിലാക്കാൻ സാധിക്കുന്ന വിവിധ സംരംഭങ്ങളെ കുറിച്ചുള്ള ദിശാബോധം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുള്ള സംരംഭക ആശയങ്ങൾ രൂപീകരിക്കുന്നതിനും സംരംഭകത്വ സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുമായി കുസാറ്റിനുകീഴിലുള്ള സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസുമായി കരാറിൽ ഏർപ്പെട്ടുകഴിഞ്ഞു. ഗുണഭോക്താക്കളുടെ ഉൽപന്നങ്ങൾക്ക് ടൂറിസം സാധ്യതകൾ കൂടി പ്രയോജനപ്പെടുത്തികൊണ്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തി ഒരു സ്ഥിരം വിപണനകേന്ദ്രം - ക്രാഫ്റ്റ് വില്ലേജ് സ്ഥാപിക്കുകയെന്ന നമ്മുടെ ആശയം ഗവർണ്ണറുടെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തികൊണ്ട് സർക്കാർ ഏറ്റെടുത്തു കഴിഞ്ഞു. പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് ഇതിനായി 5 ഏക്കറോളം സ്ഥലം കൈമാറുന്നതിനുള്ള സമ്മതമറിയിക്കുകയും പദ്ധതിയുടെ പ്രയോഗികത പരിശോധിക്കുന്നതിന് വേണ്ടി സാധ്യതാ പഠനം നടത്തുന്നതിന് KITCO യെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

നിഷ്ക്രിയ ആസ്തികൾ പരമാവധി കുറച്ചുകൊണ്ടു വരുന്നതിനുള്ള നമ്മുടെ പ്രവർത്തനങ്ങൾ ഫലം കണ്ടുവരികയാണ്. വായ്പാ കുടിശ്ശികയിൽ നിന്ന് കരകയറാൻ ആഗ്രഹിക്കുന്ന കുടിശ്ശികകാരെ സഹായിക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന വായ്പാ പുനക്രമീകരണ പദ്ധതിയായ 'ആശ്വാസകിരണം' നമ്മുടെ ഗുണഭോക്തൃ സൗഹൃദ സമീപനത്തിന്റെ പുത്തൻ ദൃഷ്ടാന്തമാണ്. മെച്ചപ്പെട്ട സേവനം, സുതാര്യമായ നടപടിക്രമങ്ങൾ, ആധുനീകവൽകരണം എന്നീ ഉദേശ ലക്ഷ്യങ്ങൾ മുൻനിർത്തി ഇ-ടെൻഡറിംഗ്, ബയോമെട്രിക്ക് പഞ്ചിംഗ്, നിരീക്ഷണ ക്യാമറാ സംവിധാനം എന്നിവ ഉടൻ നടപ്പിൽ വരുത്തുന്നതാണ്. കോർപ്പറേഷന്റെ 10 മേഖലാ ഓഫീസുകൾ ആരംഭിക്കുമെന്ന് നിയമസഭയിൽ നടത്തിയ പ്രഖ്യാപനം എല്ലാ താലൂക്കുകളിലും ഓഫീസെന്ന സ്വപ്നത്തെ ഒരു പടികൂടി മുന്നോട്ട് കൊണ്ടു പോയിരിക്കുന്നു.

ദിശാബോധത്തോടെ നടത്തുന്ന പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകർന്നുകൊണ്ട് കഴിഞ്ഞ വർഷം കോർപ്പറേഷനെ തേടി എത്തിയ ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ രജതജൂബിലി പുരസ്കാരം സമാനമേഖലകളിൽ പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഇതര സ്ഥാപനങ്ങളേക്കാൾ കെ.എസ്.ബി.സി.ഡി.സി. മുന്നിലാണെന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുകയാണ്. സംസ്ഥാന ബ്യൂറോ ഓഫ് പബ്ളിക് എന്റർപ്രൈസസിന്റെ വിലയിരുത്തലിൽ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്രവർത്തനമികവിന്റെ അടിസ്ഥാനത്തിൽ ഏഴാം സ്ഥാനം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞുവെന്നതും ഏറെ അഭിമാനകരമായ മറ്റൊരു കാര്യമാണ്. കോർപ്പറേഷന് ലഭിച്ച അംഗീകാരങ്ങൾ, മുന്നോട്ടുള്ള പ്രയാണത്തിന് എന്നും കരുത്തു പകരുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കും, ദേശീയ കോർപ്പറേഷനുകൾക്കും, കോർപ്പറേഷൻ ജീവനക്കാർക്കും, ഗുണഭോക്താക്കൾക്കും കൃതജ്ഞാതാപൂർവം സമർപ്പിച്ചുകൊണ്ട് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് സർവ്വവിധ പിന്തുണയും തേടുന്നു.



**സംഗീത് ചക്രപാണി**
ചെയർമാൻ



**കെ.ടി. ബാലഭാസ്കരൻ**
മാനേജിംഗ് ഡയരക്ടർ

# ബി.സി.ഡി.സി.ക്ക് പ്രവർത്തനമികവിന് ദേശീയ പുരസ്കാരം




ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ രജത ജൂബിലിയോടനുബന്ധിച്ച് ഏർപ്പെടുത്തിയ പ്രവർത്തന മികവിനുള്ള രജത ജൂബിലി അവാർഡ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് ലഭിച്ചു. ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ വിവിധ സംസ്ഥാനങ്ങളിലെ അമ്പതോളം ചാനലൈസിംഗ് ഏജൻസികളുടെ കഴിഞ്ഞ 25 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് അവാർഡ്. വായ്പാ വിതരണം, വായ്പാ തിരിച്ചടവ്, ഗുണഭോക്തൃസേവനം എന്നിവയാണ് അവർഡിന് പ്രധാനമായി പരിഗണിച്ച വിഷയങ്ങൾ. ഏറ്റവും കൂടുതൽ വായ്പ പ്രയോജനപ്പെടുത്തുകയും 100% തിരിച്ചടവ് നടത്തുകയും സമ്പൂർണ്ണ ഓൺലൈൻ സംവിധാനം വഴി ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുകയും ചെയ്യുന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഇന്ത്യയിലെ മറ്റ് ഏജൻസികളെക്കാൾ ബഹുദൂരം മുന്നിലാണ്. 2017 ജനുവരി 13 ന് ഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര സർക്കാർ സമൂഹ്യനീതി വകുപ്പ് മന്ത്രി ശ്രീ.ധാവർ ചന്ദ് ഗെഹ്ലോട്ടിൽ നിന്നും കോർപ്പറേഷൻ ചെയർമാൻ സംഗീത് ചക്രപാണിയും മാനേജിംഗ് ഡയറക്ടർ കെ.ടി.ബാലഭാസ്കരനും ചേർന്ന് അവാർഡ് സ്വീകരിച്ചു. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന് പ്രവർത്തന മികവിന് ലഭിക്കുന്ന പതിനാലാമത് ദേശീയ പുരസ്കാരമാണിത്.

# സഹായ ഹസ്തവുമായി 'ആശ്വാസകിരണം' വായ്പാ പദ്ധതി

കാലാവധിക്കുള്ളിൽ വായ്പ തിരിച്ചടവ് പൂർത്തീകരിക്കാൻ സാധിക്കാതെ കുടിശ്ശിക നിലനിൽക്കുന്ന വായ്പകൾ പുനക്രമികരിക്കുന്നതിനുവേണ്ടി കോർപ്പറേഷൻ ആവിഷ്കരിച്ച പുതിയ പദ്ധതിയാണ് ആശ്വാസകിരണം.



പദ്ധതി പ്രകാരം നിലവിലുള്ള വായ്പാ കുടിശ്ശിക പുനക്രമീകരിക്കുന്നതിന് പരമാവധി 2 ലക്ഷം രൂപവരെ 8% പലിശ നിരക്കിൽ അനുവദിക്കും. ഗുണഭോതാവ് കുടിശ്ശികയുടെ 10% തുകയെങ്കിലും അടച്ച് പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള സന്നദ്ധത അറിയിക്കണം. റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ നേരിടുന്ന വായ്പകൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. നിലവിലുള്ള ജാമ്യത്തിന്റെ അടിസ്ഥാനത്തിൽ തന്നെ പുതിയ വായ്പയും അനുവദിക്കുന്നത് സാധ്യമാകുന്ന വിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

പുനക്രമീകരണം വഴി കുറഞ്ഞ മാസതവണകളായി പിഴപലിശ കൂടാതെ വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള അവസരം സംജാതമാകുന്നു. വായ്പാ ബാധ്യതയിൽ നിന്ന് കരകയറുന്നതിന് മറ്റു മാർഗ്ഗങ്ങളില്ലാതെ ഉഴലുന്നവർക്ക് ഈ പദ്ധതി പ്രതീക്ഷയുടെ പൊൻകിരണമായി തീരുമെന്നതിൽ തർക്കമില്ല.

# സ്ത്രീ സംരംഭകത്വത്തിന് സഹായഹസ്തം



കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 2003 മുതൽ മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി നടപ്പിലാക്കിവരുന്നു. തെരഞ്ഞെടുക്കപ്പെട്ട സന്നദ്ധ സംഘടനകൾ വഴി നടപ്പിലാക്കിവന്ന പദ്ധതി 2009 മുതൽ കുടുംബശ്രീ സി.ഡി.എസ്സ് - കൾ മുഖേനയും നടപ്പിലാക്കി വരുന്നു.

സംരംഭകത്വ പ്രോത്സാഹനം വഴി സ്ത്രീ ശാക്തീകരണത്തിന് ഊർജ്ജം പകരുന്ന ഈ വായ്പാ പദ്ധതിയുടെ നിർവ്വഹണത്തിൽ ഒരു പുതുചരിത്രം രചിച്ച വർഷമാണ് 2016-17. പദ്ധതി നടപ്പിലാക്കാനാരംഭിച്ച 2002-03 മുതൽ 2015-16 വരെയുള്ള 13 വർഷക്കാലം കൊണ്ട് 132.93 കോടി രൂപയാണ് വായ്പയായി വിതരണം ചെയ്തിട്ടുള്ളത്. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിൽ മാത്രം 88 കുടുംബശ്രീ സി.ഡി.എസ്സ്.കളിലും 6 സന്നദ്ധ സംഘടനകളിലും ഉൾപ്പെട്ട 23292 വനിതകൾക്ക് 66.74 കോടി രൂപ മൈക്രോ ക്രെഡിറ്റ് വായ്പയായി വിതരണം ചെയ്തുകൊണ്ട് പദ്ധതി നിർവ്വഹണത്തിന് ഒരു പുതിയ ഗതിവേഗം കൈവരിച്ചിരിക്കുകയാണ്.



വായ്പാ പദ്ധതിയെകുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് നഗരസഭാ അധ്യക്ഷൻമാർ, പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിവർക്ക് കത്തയച്ചതും അപേക്ഷാ സമർപ്പണത്തിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയതും മേഖലാതല ശില്പശാലകൾ വഴി കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് ആവശ്യമായ പരിശീലനവും മാർഗ്ഗ നിർദ്ദേശവും നൽകിയതുമാണ് വായ്പാ വിതരണത്തിൽ വന്ന വർദ്ധനവിനുള്ള മുഖ്യകാരണങ്ങൾ. കേവലം 2.50 മുതൽ 3.50 ശതമാനം പലിശ നിരക്കിലാണ് കോർപ്പറേഷൻ ഈ വായ്പ അനുവദിക്കുന്നത്.



വിവിധ ജില്ലകളിൽ നടന്ന വായ്പാ വിതരണ ചടങ്ങുകളിൽ മന്ത്രിമാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികൾ പങ്കെടുത്തു. 2017-18 സാമ്പത്തിക വർഷവും മൈക്രോ ക്രെഡിറ്റ് വായ്പാ പദ്ധതി പ്രധാന്യത്തോടെ നടപ്പിലാക്കി കുടുംബശ്രീ സി.ഡി.എസ്സുകളോടൊപ്പം ചേർന്ന് സ്ത്രീ ശാക്തീകരണയജ്ഞത്തിൽ പങ്കാളിയാകുന്നതിന് കോർപ്പറേഷൻ പ്രതിജ്ഞാബദ്ധമാണ്. ഈ സാമ്പത്തിക വർഷം 100 കോടി രൂപയാണ് ഈ പദ്ധതിയ്ക്ക് വേണ്ടി വകയിരുത്തിയിരിക്കുന്നത്.

# മൈക്രോക്രെഡിറ്റ് ശില്പശാല





















# നവസംരംഭകർക്ക് വഴികാട്ടിയായി 'ദിശ' സെമിനാർ

2016–17 സാമ്പത്തിക വർഷം കോർപ്പറേഷൻ സംരംഭക പ്രോത്സാഹനത്തിനുവേണ്ടി നടപ്പിലാക്കിയ ശ്രദ്ധേയമായ പരിഷ്കാരമാണ് ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം. കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് തല്പരരായ നവസംരംഭകർക്ക് വേണ്ടി ഏർപ്പെടുത്തിയ ഈ രജിസ്ട്രേഷൻ സംവിധാനം 8000–ഓളം പേർ പ്രയോജനപ്പെടുത്തി. ഇത്തരത്തിൽ ഓൺലൈൻ വഴി രജിസ്റ്റർ ചെയ്തവർക്ക് സംരംഭകത്വത്തെക്കുറിച്ച് അറിവ് പകരുന്നതിനും കോർപ്പറേഷന്റെ വായ്പാ പദ്ധതി വിശദീകരിക്കുന്നതിനുമായി 'ദിശ' എന്ന പേരിൽ സംരംഭകത്വ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. 2017 ഫെബ്രുവരി 16–ാം തീയതി എല്ലാ ജില്ലകളിലും സംഘടിപ്പിച്ച ആദ്യഘട്ട സെമിനാറിൽ സംരംഭകത്വത്തിലേയ്ക്ക് കാലെടുത്തുവയ്ക്കുവാൻ തല്പരരായ 5200–ഓളം പേരാണ് പങ്കെടുത്തത്. സെമിനാറിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ഒളിമ്പിയ ചേമ്പേഴ്സിൽ വച്ച് ബഹു. പിന്നോക്കക്ഷേമ വകുപ്പ് മന്ത്രി എ.കെ.ബാലൻ നിർവ്വഹിച്ചു. മറ്റു ജില്ലകളിൽ സംഘടിപ്പിച്ച സെമിനാറിന്റെ ഉദ്ഘാടനചടങ്ങിൽ ജോയിസ് ജോർജ്ജ് (ഇടുക്കി എം.പി.), എം.നൗഷാദ് (ഇരവിപുരം എം.എൽ.എ.), തോട്ടത്തിൽ രവീന്ദ്രൻ (കോഴിക്കോട് മേയർ), ഇ.പി.ലത (കണ്ണൂർ മേയർ), അജിതാ ജയരാജൻ (തൃശ്ശൂർ മേയർ) തുടങ്ങി ഒട്ടേറെ പ്രമുഖർ പങ്കെടുത്തു.

തുടർന്ന് 2017 മേയ്, ജൂൺ മാസങ്ങളിൽ എല്ലാ ജില്ലകളിലും സംഘടിപ്പിച്ച രണ്ടാം ഘട്ടം 'ദിശ' സെമിനാറിൽ 2600–ഓളം പേർ പങ്കെടുത്തു. സെമിനാറിൽ പങ്കെടുത്തവരിൽ വായ്പ എടുത്ത് സംരംഭകത്വത്തിലേയ്ക്ക് പ്രവേശിക്കാൻ സന്നദ്ധരായവർക്ക് വായ്പാ അപേക്ഷാഫോറം സെമിനാർ സംഘടിപ്പിച്ച വേദിയിൽ വച്ച് തന്നെ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിരുന്നു. ഇവരുടെ വായ്പാ അപേക്ഷയിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചിട്ടുണ്ട്.

ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം വഴി ഒട്ടേറെ നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. മാത്രമല്ല കോർപ്പറേഷന്റെ ഗുണഭോക്തൃവൃന്ദത്തിലേയ്ക്ക് നാളിതുവരെ കടന്നുവരാതിരുന്ന ഐ.ടി. പ്രൊഫഷണലുകൾ, മെഡിക്കൽ ബിരുദധാരികൾ, തുടങ്ങിയ ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടിയ ഒട്ടേറെ യുവതീയുവാക്കൾ ഈ സംവിധാനം വഴി കോർപ്പറേഷന്റെ സ്വയം തൊഴിൽ വായ്പാ പദ്ധതി പ്രയോജനപ്പെടുത്തുന്നതിന് മുന്നോട്ടുവന്നിട്ടുണ്ട്.

സമയപരിധി ഇല്ലാതെ വർഷം മുഴുവൻ രജിസ്ട്രേഷൻ നടത്തുന്നതിനുള്ള അവസരം ഒരുക്കിക്കൊണ്ട് നവസംരംഭകർക്ക് പ്രയോജനപ്രദമായ വിധത്തിൽ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം കൂടുതൽ ആകർഷകമാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.











# NBCFDC ധനസഹായത്തോടെ കാവശ്ശേരി പെരുമ പുനർജനിക്കുന്നു



പാലക്കാട് ജില്ലയിലെ കാവശ്ശേരി പഞ്ചായത്തിലെ മൺപാത്ര നിർമ്മാണം പാരമ്പര്യ തൊഴിലാക്കിയ കുടുംബങ്ങളിൽപ്പെട്ട 50 ഗുണഭോക്താക്കളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനു വേണ്ടി ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) സാമൂഹിക പ്രതിബദ്ധതാ പദ്ധതിയിൽ ഉൾപ്പെടുത്തി 19 ലക്ഷം രൂപ ചെലവഴിച്ചു കൊണ്ട് തൊഴിൽ നവീകരണ പദ്ധതി നടപ്പിലാക്കി.

തൊഴിൽ ആധുനീകവൽക്കരണത്തിന്റെയും വൈവിധ്യവൽക്കരണത്തിന്റെയും അഭാവവും, വിപണന സൗകര്യങ്ങളുടെ അപര്യാപ്തതയും, സാമ്പത്തിക പരാധീനതയും നിമിത്തം പാർശ്വവൽക്കരിക്കപ്പെട്ട് ദാരിദ്രത്തിലേയ്ക്ക് കൂപ്പുകുത്തിയതിനെ തുടർന്ന് പാരമ്പര്യ തൊഴിൽ ഉപേക്ഷിക്കുന്നതിനെക്കുറിച്ചുള്ള ഗൗരവമേറിയ ചർച്ചകൾ ഈ കുടുംബങ്ങളിൽ അരങ്ങേറുകയായിരുന്നു. എന്നാൽ പദ്ധതിയുടെ ഭാഗമായി 4 മാസക്കാലം കൊണ്ട് ബോധവൽക്കരണ ക്ളാസ്, സംരംഭകത്വ പരിശീലനം, തൊഴിൽ നൈപുണ്യ പരിശീലനം, വിപണന പരിശീലനം എന്നിവ നൽകി പരമ്പര്യതൊഴിൽ തന്നെ ജീവിതോപാധിയായി മുന്നോട്ടുകൊണ്ടു പോകുന്നതിന് ഈ കുടുംബങ്ങളെ പ്രാപ്തമാക്കുന്നതിന് സാധിച്ചു. യന്ത്രസാമഗ്രികളുടെ സഹായത്തോടെ വിപണന സാധ്യതയുള്ള വൈവിധ്യമാർന്ന ഉത്പന്നങ്ങൾ ഉന്നത ഗുണനിലവാരം ഉറപ്പുവരുത്തി നിർമ്മിക്കുന്നതിന് ഇവർക്ക് പരിശീലനം നൽകി. പദ്ധതിയുടെ മുന്നോട്ടുള്ള കുതിപ്പിന് യന്ത്രചിറകേറ്റാൻ 30 mini pugmill, 20 electric pottery wheel എന്നിവ സൗജന്യമായി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു. കൂടാതെ ഓരോ ഗുണഭോക്താവിനും കളിമണ്ണ് വാങ്ങുന്നതിന് പ്രവർത്തനമൂലധനമായി 5000/- രൂപ വീതവും നൽകി. തുടർ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതിന് നേതൃത്വം വഹിക്കുന്നതിന് ശ്രീചക്ര പോട്ടറി വർക്കേഴ്സ് വെൽഫെയർ സൊസൈറ്റി, കാവശ്ശേരി എന്ന പേരിൽ ഒരു സൊസൈറ്റിയും രൂപീകരിച്ചിട്ടുണ്ട്.

പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം 2017 ജൂൺ 27 ന് NBCFDC ജനറൽ മാനേജർ അരവിന്ദ് കത്തൂരിയ, കെ.ഡി.പ്രസേനൻ എം.എൽ.എ., അഡ്വ.കെ.ശാന്തകുമാരി (ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്), സി.കെ.ചുമുണ്ണി (ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ്), പി.സി. ഭാമ (പഞ്ചായത്ത് പ്രസിഡന്റ്), സംഗീത് ചക്രപാണി., (ചെയർമാൻ, കെ.എസ്.ബി.സി.ഡി.സി.) കെ.റ്റി. ബാലഭാസ്കരൻ (മാനേജിംഗ് ഡയറക്ടർ, കെ.എസ്.ബി.സി.ഡി.സി.) എന്നിവരുടെ സാന്നിദ്ധ്യത്തിൽ മന്ത്രി എ.കെ.ബാലൻ നിർവ്വഹിച്ചു.

കാവശ്ശേരിയിൽ നിന്ന് ഇപ്പോൾ ഉയരുന്ന യന്ത്രധ്വനികൾ ഗുണഭോക്തൃ കുടുംബങ്ങളുടെ ജീവിതത്തിന്റെ പുതുതാളമായി മാറികഴിഞ്ഞു. വറുതിയുടെ കഴിഞ്ഞ കാലങ്ങൾ ഒരു ദുസ്വപ്നം പോലെ അവർ മറന്നുകഴിഞ്ഞു. കളിമണ്ണിൽ നിന്നു ജീവിതം കരുപിടിപ്പിക്കുന്നതിന് കരുത്തുനേടിയ ഇവർക്ക്, പുത്തൻ സ്വപ്നങ്ങൾക്ക് പ്രേരകമായ NBCFDCയോടും കെ.എസ്.ബി.സി.ഡി.സി. യോടും അകമഴിഞ്ഞ നന്ദിമാത്രം.





# പാലക്കാട് നെഞ്ചിലേറ്റിയ

BCDC EXPO 2016
PALAKKAD
2016 DEC.26 | 2017 JAN.2



ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും ലക്ഷ്യം വച്ച് 2016 ഡിസംബർ 26 മുതൽ 2017 ജനുവരി 2 വരെ പാലക്കാട് കോട്ട മൈതാനത്ത് വച്ച് കോർപ്പറേഷൻ സംഘടിപ്പിച്ച പ്രദർശന വിപണന മേള – BCDC EXPO 2016 ഉത്പന്നങ്ങളുടെ വൈവിധ്യത, പൊതുജന പങ്കാളിത്തം, സംഘാടന മികവ് എന്നിവ കൊണ്ട് ശ്രദ്ധേയമായി. നാവിൽ തേനൂറുന്ന നാടൻ വിഭവങ്ങൾ, കൈത്തറിയിലും ഖാദിയിലും നെയ്തെടുത്ത വർണ്ണ വൈവിധ്യമാർന്ന വസ്ത്രങ്ങളുടെ ശേഖരം, കാർഷിക സംസ്കൃതിയെ വരവേൽക്കാൻ ആവശ്യമായ വിത്തുകൾ, സുഗന്ധവ്യഞ്ജന വസ്തുക്കൾ, പുഷ്പസസ്യലതാതികൾ, ആറൻമുള കണ്ണാടിയും, ചുമർചിത്രങ്ങളും, മ്യൂറൽ ആഭരണങ്ങളും, മുള ശില്പങ്ങളും ഉൾപ്പെടെയുള്ള കരകൗശല ഉൽപന്നങ്ങൾ, കുളവാഴയും, പാളയും, പാഴ്കടലാസലുകളും കൊണ്ട് നിർമ്മിച്ച ഗുണമേന്മയുള്ള പരിസ്ഥിതി സൗഹൃദ ബാഗുകൾ തുടങ്ങി ആകർഷകമായ ഒട്ടേറെ ഉൽപന്നങ്ങൾ നൂറിലേറെ സ്റ്റാളുകളിൽ ഒരുക്കിയ മേള ഒരു ലക്ഷത്തിൽ പരം സന്ദർശകരെ ആകർഷിച്ചു. 78 ലക്ഷം രൂപയുടെ വില്പന നടന്ന മേളയുടെ ഉദ്ഘാടനം എം.എൽ.എ.മാരായ എൻ.ഷംസുദ്ദീൻ, കെ.ബാബു, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. കെ. ശാന്തകുമാരി എന്നിവരുടെ സാന്നിദ്ധ്യത്തിൽ ബഹു. പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി എ.കെ.ബാലൻ നിർവ്വഹിച്ചു. മേളയിലെ സന്ധ്യകൾക്ക് ദൃശ്യചാരുത പകർന്നു കൊണ്ട് എല്ലാ ദിവസവും വിവിധ കലാപരിപാടികൾ അവതരിക്കപ്പെട്ടു. കേരള കലാമണ്ഡലം വിദ്യാർത്ഥികൾ അരങ്ങ് തകർത്ത നൃത്തമഞ്ചരിയും, പ്രസീത ചാലക്കുടിയും സംഘവും മാധുര്യം പകർന്ന ആട്ടക്കളവും, മഹാഭാരത കഥയിലെ കർ
















ണ്ണനെ പ്രേക്ഷകമനസ്സുകളിലേയ്ക്കാവാഹിച്ച പയ്യന്നൂർ ജ്വാല തീയറ്റേഴ്സിന്റെ വിൽകലാമേളയും, പയ്യന്നൂർ ഭഗവതി ക്ഷേത്രം പൂരക്കളി കളരിസംഘം ചുവടുവച്ച പൂരക്കളിയും, കലാമണ്ഡലം സീന ശിവരാമനും സംഘവും ചാരുതപകർന്ന, മാതൃസ്നേഹത്തിന്റെ ഈറനണിയുന്ന ഓർമ്മകളായി മലയാളികൾ നെഞ്ചിലേറ്റിയ ഇടശ്ശേരി ഗോവിന്ദൻ നായരുടെ പൂതപാട്ടിന്റെ നൃത്തരൂപവും പ്രേക്ഷക മനസ്സുകളിൽ വിസ്മൃതിയിലേയ്ക്ക് ആണ്ടുപോയ പൈതൃകസ്മരണകൾ ഉണർത്തിയപ്പോൾ തൃശ്ശൂർ ആലാപിന്റെ മുകേഷ് റാഫിനൈറ്റും, ബാബുരാജിന്റെ അനശ്വര ഗാനങ്ങൾ കോർത്തിണക്കി സജീവൻ തൃശ്ശൂർ അവതരിപ്പിച്ച 'പാടുക പാട്ടുകാരാ' എന്ന പരിപാടിയും സംഗീത പ്രേമികൾക്ക് വേറിട്ട വിരുന്നായി മാറി. ജാതി വർണ്ണ വ്യവസ്ഥകളുടെ പൊള്ളുന്ന ചരിത്രത്തിലൂടെ വർത്തമാനകാല യാഥാർത്ഥ്യങ്ങളിലേയ്ക്ക് അനുവാചകരെയെത്തിച്ച ശ്രീ.കരിവെള്ളൂർ മുരളിയുടെ സാംസ്കാരിക പ്രഭാഷണം പാലക്കാടിന്റെ വൈജ്ഞാനിക മണ്ഡലത്തിൽ പുത്തനുണർവ്വായി.

രാവിലെ 11 മണി മുതൽ 8 വരെ നീണ്ടുനിന്ന മേളയിൽ പ്രവേശനം സൗജന്യമായിരുന്നു. കോർപ്പറേഷൻ ഗുണഭോക്താക്കൾക്ക് സ്റ്റാളുകൾ സൗജന്യമായി അനുവദിച്ചതിനുപുറമേ താമസ സൗകര്യവും യാത്രാ ബത്ത, ദിന ബത്ത എന്നിവ നൽകുകയും ചെയ്തു. ഒട്ടേറെ മേളകൾക്ക് വേദിയായ ചരിത്രമുറങ്ങുന്ന പാലക്കാടിന്റെ കോട്ട മൈതാനത്ത് ഒഴികിയെത്തിയ ജനസഹസ്രങ്ങൾ ബിസിഡിസി എക്സ്പോ-2016 വേറിട്ട അനുഭവം സമ്മാനിച്ചെന്ന് സാക്ഷ്യപ്പെടുത്തിയത് ഈ മേളയ്ക്കുള്ള ഏറ്റവും വലിയ അംഗീകാരമാണ്.

# മികച്ച പ്രവർത്തനങ്ങൾക്ക് അംഗീകാരം

കോർപ്പറേഷന്റെ നയപരിപാടികളും പദ്ധതികളും ആസൂത്രണം ചെയ്യുന്നതും നടപ്പിലാക്കുന്നതും ഹെഡ് ഓഫീസാണെങ്കിലും ജില്ലാ/ ഉപജില്ലാ ഓഫീസുകളുടെ കാര്യക്ഷമതയും, കർമ്മോത്സുകതയുമാണ് ലക്ഷ്യപ്രാപ്തിയിൽ ഏറ്റവും നിർണ്ണായകം. അതിനാൽ 2016-17 സാമ്പത്തിക വർഷം ജില്ലാ/ഉപജില്ലാ ഓഫീസുകളുടെ വിവിധ മേഖലകളിലെ പ്രവർത്തനമികവിന് പുരസ്കാരമേർപ്പെടുത്തുന്നതിന് ഡയറക്ടർ ബോർഡ് തീരുമാനിച്ചിരുന്നു. ഏറ്റവും മികച്ച ജില്ലാ ഓഫീസ്, ഉപജില്ലാ ഓഫീസ് എന്നിവയ്ക്കുള്ള അവാർഡിനു പുറമേ ദേശീയ ഏജൻസികളുടെ ടേം ലോൺ സ്കീമിലെ ഉയർന്ന വായ്പാ വിതരണം, മൈക്രോ ക്രെഡിറ്റ് പദ്ധതിയിലെ ഉയർന്ന വായ്പാ വിതരണം, സഞ്ചിത കുടിശ്ശികയിൽ വരുത്തുന്ന കുറവ്, നിഷ്ക്രിയ ആസ്തികളിൽ കുറവ് വരുത്തുന്നതിലെ നേട്ടം, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലെ പ്രകടനം, റവന്യൂ റിക്കവറിയിലെ കാര്യക്ഷമത എന്നിവയ്ക്ക് ജില്ലാ ഓഫീസുകൾക്ക് 6 അവാർഡുകളും, വായ്പാ വിതരണം, തിരിച്ചടവ് എന്നിവയിലെ മികച്ച പ്രകടനങ്ങളുടെ അടിസ്ഥാനത്തിൽ ഉപജില്ലാ ഓഫീസുകൾക്ക് 2 അവാർഡുകളും ഏർപ്പെടുത്തിയിരുന്നു. മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ, ജനറൽ മാനേജർ (എച്ച്.ആർ.എം. & അഡ്മിൻ), ജനറൽ മാനേജർ (പ്രോജക്ട്സ്), ജനറൽ മാനേജർ (എഫ് & എ), കമ്പനി സെക്രട്ടറി, മാനേജർ (റിക്കവറി) എന്നിവരടങ്ങുന്ന അവാർഡ് നിർണ്ണയ സമിതി അവാർഡ് നിർണ്ണയത്തിനുള്ള പ്രാരംഭ നടപടിയായി വിശദമായ ചർച്ച നടത്തി രൂപം കൊടുത്ത സുവ്യക്തവും, സുതാര്യവുമായ മാനദണ്ഡങ്ങൾക്കനുസൃതമായി ഓഫീസുകളുടെ പ്രവർത്തനം വിലയിരുത്തിയാണ് അവാർഡ് നിർണ്ണയം നടത്തിയത്.

കൊല്ലം (ഏറ്റവും മികച്ച ജില്ലാ ഓഫീസ്), പട്ടാമ്പി (ഏറ്റവും മികച്ച ഉപജില്ലാ ഓഫീസ്), മലപ്പുറം (സഞ്ചിത കുടിശ്ശികയിൽ കുറവ് വരുത്തിയ ജില്ലാ ഓഫീസ്), കോട്ടയം (നിഷ്ക്രിയ അസ്തിയിൽ കുറവ് വരുത്തിയ ജില്ലാ ഓഫീസ്) കാസർഗോഡ് (ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഏറ്റവും കൂടുതൽ ഫയലുകൾ തീർപ്പാക്കിയ ജില്ലാ ഓഫീസ്), പാലക്കാട് (റവന്യൂ റിക്കവറി നടപടികളിൽ മികച്ച പ്രകടനം കാഴ്ച വച്ച ജില്ലാ ഓഫീസ്), കൊല്ലം (ദേശീയ ഏജൻസികളുടെ ടേം ലോൺ സ്കീമിൽ ഏറ്റവും കൂടുതൽ വായ്പ വിതരണം ചെയ്ത ജില്ലാ ഓഫീസ്), കോഴിക്കോട് (മൈക്രോ ക്രെഡിറ്റ് പദ്ധതിയിൽ ഏറ്റവും കൂടുതൽ വായ്പാ വിതരണം ചെയ്ത ജില്ലാ ഓഫീസ്), വണ്ടൂർ (വായ്പാ വിതരണത്തിന് മികച്ച പ്രകടനം നടത്തിയ ഉപജില്ലാ ഓഫീസ്), തിരൂർ (റിക്കവറി നടപടികളിൽ മികച്ച പ്രകടനം നടത്തിയ ഉപജില്ലാ ഓഫീസ്) എന്നിവയാണ് അവാർഡിന് അർഹമായ ഓഫീസുകൾ.

മികച്ച പ്രകടനം കാഴ്ചവച്ച ഓഫീസുകൾക്കും അതിലെ ജീവനക്കാർക്കും ഒരു അംഗീകാരമെന്നതിനുപരിയായി ഭാവിയിൽ കർമ്മശേഷി, ക്രിയാത്മകമായി വിനിയോഗിച്ച് എല്ലാ ഓഫീസുകളുടേയും പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന് അവാർഡ് പ്രേരകമാകുമെന്ന് കരുതുന്നു. ഈ സാമ്പത്തിക വർഷവും സമാനമായ രീതിയിൽ അവാർഡ് ഏർപ്പെടുത്തുന്നതാണ്.




















# Re-Turn

# പ്രവാസികൾക്ക് പ്രതീക്ഷയായി പ്രവാസി പുനരധിവാസ വായ്പ

കേരളസർക്കാർ പ്രവാസികളുടെക്ഷേമത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതിയാണ് 'NORKA Department Project for Return Emigrants" (NDPREM). ഈ പദ്ധതി പ്രകാരം പ്രവാസിജീവിതത്തിനുശേഷം നാട്ടിൽ തിരികെയെത്തി, ചെറുകിട ഇടത്തരം തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്ന പ്രവാസികൾക്ക് ധനകാര്യ സ്ഥാപനങ്ങൾ മുഖാന്തിരം അനുവദിക്കുന്ന വായ്പകൾക്ക് പദ്ധതി അടങ്കലിന്റെ 15% വരെമൂലധന സബ്സിഡിയായി അനുവദിക്കുന്നതാണ്. പരമാവധി സബ്സിഡി 3 ലക്ഷംരൂപ. ഇതിനുപുറമേ വായ്പാ തിരിച്ചടവിന്റെ ആദ്യ 4 വർഷങ്ങളിൽ 3% നിരക്കിൽ പലിശ സബ്സിഡിയും അനുവദിക്കുന്നതാണ്.




കേരളസർക്കാർസ്ഥാപനമായ നോർക്കാറൂട്ട്സ് നിർവഹണ ചുമതല വഹിക്കുന്ന പദ്ധതി നിലവിൽസ്റ്റേറ്റ് ബാങ്ക് ഓഫ്ഇന്ത്യ, സൗത്ത് ഇന്ത്യൻ ബാങ്ക്,യൂണിയൻ ബാങ്ക് എന്നിവവഴിയാണ് നടപ്പിലാക്കിവരുന്നത്.

നോർക്കാറൂട്ട്സുമായി സഹകരിച്ചുകൊണ്ട് ഈ പദ്ധതി നടപ്പിലാക്കുതിന് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. *റീ-ടേൺ* എന്ന പേരിൽ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 20 ലക്ഷംരൂപവരെ ഒരു പ്രവാസി സംരംഭകന് വായ്പ അനുവദിക്കുന്നതാണ്. ഒ.ബി.സി. വിഭാഗങ്ങൾക്ക് 5 ലക്ഷംരൂപ വരെ 6% പലിശ നിരക്കിലും അതിനുമുകളിൽ 20 ലക്ഷംരൂപവരെ 7% പലിശ നിരക്കിലുമാണ്വായ്പ ലഭ്യമാക്കുന്നത്. മതന്യൂനപക്ഷങ്ങൾക്ക് 20 ലക്ഷംരൂപവരെ 6% പലിശ നിരക്കിൽ ലഭ്യമാക്കും. നോർക്കാ റൂട്ട്സ് അനുവദിക്കുന്ന മൂലധന സബ്സിഡിയും, പലിശ സബ്സിഡിയും കൂടി കണക്കിലെടുക്കുമ്പോൾ പ്രവാസികളുടെ പലിശ ബാധ്യത കേവലം 2.40% മുതൽ 3.50% വരെ മാത്രമായിരിക്കും.

2017 നവംബർ മുതൽ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

# പ്ളസ് ടു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്










വിദ്യാഭ്യാസ രംഗത്തെ സാമൂഹിക ഇടപെടലിന്റെ ഭാഗമായി 2013-14 മുതൽ കോർപ്പറേഷൻ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. പഠന പ്രോത്സാഹനത്തിനായി പ്ളസ് ടു പരീക്ഷയിൽ സ്റ്റേറ്റ് സിലബസ്സിൽ എല്ലാ വിഷയങ്ങളിലും എ+ നേടിയ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയിൽ താഴെയുള്ള സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്കാണ് പദ്ധതി പ്രകാരം 5000/- രൂപ നിരക്കിൽ ഒറ്റത്തവണയായി സ്കോളർഷിപ്പ് നൽകുന്നത്. കൂടാതെ എല്ലാ വിഷയങ്ങളിലും 100% മാർക്ക് നേടിയ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന അവാർഡുകളും നൽകിവരുന്നു. ഇതേവരെയായി 5000ൽ പരം കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്.

2016-17 അക്കാദമിക്ക് വർഷത്തിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്ക് ഈ വർഷം സ്കോളർഷിപ്പ് നൽകുന്നതിന് 1 കോടി രൂപയാണ് കോർപ്പറേഷൻ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. കോർപ്പറേഷന്റെ സാമൂഹ്യ പ്രതിബദ്ധത (Corporate Social Responsibility) പദ്ധതി പ്രകാരമാണ് സ്കോളർഷിപ്പ് നൽകുന്നത്.



# ഉൽപന്നങ്ങളുടെ വൈവിധ്യം; ബിസിഡിസി മേള ശ്രദ്ധേയം

## കുടുംബശ്രീ സ്വയം തൊഴിൽ സംരംഭം: ഒരു കോടി വീതം നൽകുമെന്ന് മന്ത്രി







## ഉൽപ്പന്നപ്രദർശനത്തിനും വിൽപ്പനയ്ക്കും സ്ഥിരം വേദി: മന്ത്രി എ കെ ബാലൻ

## പരമ്പരാഗത മേഖലയ്ക്കു കൂടുതൽ സഹായം നൽകും: മന്ത്രി എ.കെ.ബാലൻ



▸ മൺപാത്ര തൊഴിലാളികൾക്ക് ധനസഹായം നൽകി

## കണ്ണമ്പ്രയിൽ ക്രാഫ്റ്റ് വില്ലേജ് നിർമിക്കും: എ കെ ബാലൻ





## ബിസിഡിസി മേളയിൽ സംഗീത നിശ അരങ്ങേറി

## Inauguration of scholarship scheme



Minister for Cultural Affairs A.K. Balan inaugurates the State-level disbursement of scholarship scheme by the Kerala State Backward Classes Development Corporation Ltd. (KSBCDC). KSBCDC Principal Secretary V. Venu, IAS, Mayor V.K. Prasanth and Kerala University Pro Vice Chancellor N. Veeramanikandan participated.

## പിന്നാക്കവിഭാഗ വികസന കോർപറേഷന് എട്ട് ഓഫിസുകൂടി –മന്ത്രി ബാലൻ

● 150 കുടുംബശ്രീ സി.ഡി.എസുകൾക്ക് കുറഞ്ഞ പലിശനിരക്കിൽ 100 കോടിയുടെ വായ്പ



## KSBCDC to open eight new offices

EXPRESS NEWS SERVICE



## കെഎസ്ബിസിഡിസി: സംരംഭകർക്കു പിന്തുണയേകിയ രണ്ട് പതിറ്റാണ്ട്



## മികച്ച സ്വയം തൊഴിൽ വായ്പാപദ്ധതികളുമായി പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ





മാതൃഭൂമി

▸ കോർപറേഷൻ 40 കോടി വായ്പ വിതരണം ചെയ്യും

## മൺപാത്ര നിർമാണ ആധുനികവൽക്കരണ പദ്ധതി ഉദ്ഘാടനം ഇന്ന്

## NMDFC വായ്പകളുടെ വരുമാന പരിധി ഉയർത്തി

ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ ധനസഹായത്തോടെ മതന്യൂനപക്ഷങ്ങൾക്കായി നടപ്പിലാക്കുന്ന credit line 1 പ്രകാരമുള്ള വായ്പകൾ ലഭിക്കുന്നതിനുള്ള കുടുംബ വാർഷികവരുമാന പരിധി ഭേദഗതി ചെയ്തു. ഗ്രാമപ്രദേശത്ത് 81,000/- രൂപയിൽ നിന്നും 98,000/- രൂപയായും നഗരപ്രദേശത്ത് 1,03,000/- രൂപയിൽ നിന്ന് 1,20,000/- രൂപയായും ആണ് വരുമാനപരിധി ഉയർത്തിയിരിക്കുന്നത്. NMDFC ക്രെഡിറ്റ് ലൈൻ 2 പ്രകാരമുള്ളവരുമാന പരിധി 6 ലക്ഷംരൂപയായി തുടരും.

## ഗ്രീൻ കാർഡ് പദ്ധതിവ്യവസ്ഥകൾ കൂടുതൽ ഉദാരമാക്കി

കൃത്യമായിവായ്പ തിരിച്ചടയ്ക്കുന്നതിനുള്ള പ്രോത്സാഹനമായികോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതിയാണ് ഗ്രീൻകാർഡ് തിരിച്ചടവിൽ വീഴ്ച വരുത്താതെ ഒരുരൂപ പോലും പിഴപ്പലിശ അടയ്ക്കാത്ത ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ ആനുകൂല്യം അനുവദിച്ചുവന്നിരുന്നത്. എന്നാൽ അവിചാരിതമായ കാരണങ്ങളാൽ തിരിച്ചടവിൽ ഗുരുതരമല്ലാത്ത വീഴ്ചവരുത്തുന്ന ഗുണഭോക്താക്കൾക്കും കൂടി പ്രയോജനപ്പെടുന്നതിന് വേണ്ടി വായ്പാ കാലയളവിനുള്ളിൽ പ്രതിമാസ തിരിച്ചടവ് ഗഡുവിന്റെ 0.25% തുകയിൽ അധികരിക്കാത്ത പിഴപ്പലിശ വന്നാലും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പലിശ ഇനത്തിലുള്ള തിരിച്ചടവിന്റെ 5% ആണ് ഗ്രീൻകാർഡ് ആനുകൂല്യമായി ഗുണഭോക്താവിന് തിരികെ നൽകുന്നത്.

## ജാമ്യവ്യവസ്ഥകളിൽ ഭേദഗതി

5 ലക്ഷംരൂപ വരെയുള്ള വായ്പകൾക്ക് വ്യത്യസ്ഥതരം ജാമ്യങ്ങൾ കൂടി ചേർത്ത് സമർപ്പിക്കാനാവില്ലെന്ന നിബന്ധന ഭേദഗതിചെയ്തു. എത്ര തുകയ്ക്കുള്ള വായ്പയ്ക്കുവേണ്ടിയും വസ്തു, ഉദ്യോഗസ്ഥജാമ്യം, എൽ.ഐ.സി. പോളിസി, സ്ഥിരനിക്ഷേപം, നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലുമോ ഒന്നിലധികം ജാമ്യരേഖകൾ കൂട്ടിചേർത്തോ ഹാജരാക്കാനാകും.

## കാണംഭൂമി ജാമ്യമായി സ്വീകരിക്കും

ലാന്റ് ട്രിബ്യൂണലിൽ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള 12 വർഷത്തിലധികമായി കൈവശംവച്ച് നികുതി അടയ്ക്കുന്ന കാണംഭൂമി വസ്തുജാമ്യമായി സ്വീകരിക്കുന്നതിന് അനുമതി നൽകി. ട്രിബ്യൂണലിൽ നൽകിയ അപേക്ഷയുടെ രസീതിന്റെ പകർപ്പ്, നോട്ടറി സാക്ഷ്യപ്പെടുത്തിയ 200 രൂപ മുദ്രപത്രത്തിൽ നിശ്ചിതമാതൃകയിൽ തയ്യാറാക്കിയ സത്യപ്രസ്താവന എന്നിവ ഇതിനായി അധികരേഖയായി ഹാജരാക്കണം.

## മൈക്രോ ക്രഡിറ്റ്വായ്പാ വിനിയോഗത്തിനുള്ള സമയപരിധി വർദ്ധിപ്പിച്ചു

കുടുംബശ്രീ സി.ഡി.എസ്സുകൾക്ക് അനുവദിക്കുന്ന മൈക്രോ ക്രെഡിറ്റ്/മഹിളാ സമൃദ്ധിയോജന വായ്പകൾ അയൽക്കൂട്ടങ്ങൾ/JLGകൾ എന്നിവയ്ക്ക് വിതരണംചെയ്യുന്നതിനുള്ള സമയപരിധി 15 ദിവസത്തിൽ നിന്നും 30 ദിവസമായി വർദ്ധിപ്പിച്ചു. അയൽക്കൂട്ടങ്ങൾ/JLG-കൾ അവർക്കു ലഭിക്കുന്ന തുക 10 ദിവസത്തിനകം വ്യക്തിഗത ഗുണഭോക്താവിന് വിതരണംചെയ്യണം.

# സംരംഭക സഹായ കേന്ദ്രങ്ങൾ

കോർപ്പറേഷനിൽ നിന്നും വായ്പ എടുത്ത് സംരംഭങ്ങൾ ആരംഭിക്കുന്നതിന് താല്പരരായ ഗുണഭോക്താക്കൾക്ക് സഹായകരമായ വിധത്തിൽ എല്ലാ ജില്ലകളിലും സംരംഭകത്വ സഹായ കേന്ദ്രങ്ങൾ ആരംഭിക്കുന്നു. പദ്ധതി ആശയങ്ങൾ രൂപീകരിക്കുന്നതിനും ഉത്പന്നങ്ങൾ കണ്ടെത്തുന്നതിനുമുള്ള സഹായം, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം, സാങ്കേതിക വിദ്യ കണ്ടെത്തുന്നതിനുള്ള സഹായം, വിവിധ കേന്ദ്രങ്ങളിൽ നിന്ന് ലഭ്യമാകുന്ന സബ്സിഡി സംബന്ധിച്ച അവബോധം എന്നിവ ഈ കേന്ദ്രങ്ങൾ വഴി നവ സംരംഭകർക്ക് ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

സംരംഭകത്വ സഹായ കേന്ദ്രങ്ങൾ വഴി ഈ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി വിശദമായ പഠനം നടത്തി, കേരളത്തിൽ വിജയകരമായി നടപ്പിലാക്കാനാവുന്ന 150 പദ്ധതി ആശയങ്ങൾ തെരഞ്ഞെടുക്കുന്നതിനും അത് സംബന്ധിച്ച് വിവരശേഖരണം നടത്തി നവ സംരംഭകർക്ക് പ്രയോജനകരമായ വിധത്തിൽ ക്രോഡീകരിക്കുന്നതിനും വേണ്ടി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.



ഓരോ പദ്ധതിയുടേയും വിപണന സാധ്യത, ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ, ഉപകരണങ്ങൾ, അസംസ്കൃത വസ്തുക്കൾ, ആവശ്യമായ മൂലധനവും, സാമ്പത്തികക്ഷമതയും സംബന്ധിച്ച വിവരങ്ങൾ സംരംഭകന് പദ്ധതി നടപ്പിലാക്കുന്നതിൽ സാങ്കേതിക പരിശീലനം ആവശ്യമുള്ള പക്ഷം അതു സംബന്ധിച്ച വിവരങ്ങൾ, പദ്ധതിക്ക് സർക്കാർ / സർക്കാരേതര ഏജൻസികളിൽ നിന്ന് സബ്സിഡി ആനുകൂല്യം ലഭ്യമാക്കുന്ന പക്ഷം അതിന്റെ സ്രോതസ്സ് സംബന്ധിച്ച വിവരങ്ങൾ, പദ്ധതിക്ക് ആവശ്യമായ ലൈസൻസുകൾ എന്നീ വിവരങ്ങൾ ഇതു വഴി സംരംഭകർക്ക് ലഭ്യമാക്കുന്നതിന് സാധിക്കും.


# ഡയരക്ടർ ബോർഡ്



**സംഗീത് ചക്രപാണി**
ചെയർമാൻ



**കെ. നാരായൺ**
എം.ഡി., NBCFDC



**ഷഹബാസ് അലി**
CMD, NBCFDC



**ഗോപി കോട്ടമുറിക്കൽ**
മുൻ എം.എൽ.എ.



**എ.പി. ജയൻ**



**എ. മഹേന്ദ്രൻ**



**ഡോ. പി. പുഗഴേന്തി** IFS
ഡയരക്ടർ, ബി.സി.ഡി.ഡി.



**സുരേഷ് കുമാർ പി.എൻ**
ജോ. സെക്രട്ടറി,
ബി.സി.ഡി.ഡി.



**കെ.ടി. ബാലഭാസ്കരൻ**
മാനേജിംഗ് ഡയരക്ടർ

## ഹെഡ്ഓഫീസ് സീനിയർ മാനേജർമാർ



**കെ.വി. രാജേന്ദ്രൻ**
ജനറൽമാനേജർ
(HRM & Admn)



**ബാലകൃഷ്ണൻ ആനക്കൈ**
ജനറൽ മാനേജർ
(പ്രോജക്ട്സ്)



**സുനിൽ ജോസ് തയ്യിൽ**
**ജനറൽ മാനേജർ**
(ഫിനാൻസ് & അക്കൗണ്ട്സ്)



**ആർ. റാം ഗണേഷ്**
കമ്പനി സെക്രട്ടറി

## കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷൻ ജില്ലാ ഓഫീസുകൾ

| മേൽവിലാസം | ടെലിഫോൺ<br>ഇ-മെയിൽ |
|---|---|
| **തിരുവനന്തപുരം :** രണ്ടാം നില, ട്രിഡാ കോംപ്ലക്സ്, ചാലക്കുഴി ലെയിൻ, മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം – 11 | 0471-2554522, 2554533<br>bcdcdmtvm@gmail.com |
| **കൊല്ലം :** എസ്.എൻ.ഡി.പി. യോഗം ബിൽഡിംഗ്, എസ്.എൻ.വിമൻസ് കോളേജിന് എതിർവശം, കൊല്ലം | 0474-2766276, 2763353<br>bcdcdmklm@gmail.com |
| **പത്തനംതിട്ട:** വിലവിനാൽ രാജ് ടവ്വർ, സന്തോഷ് ജംഗ്ഷനു സമീപം, കോളേജ് റോഡ്, പത്തനംതിട്ട | 0468-2226111, 2262111<br>bcdcdmpta@gmail.com |
| **ആലപ്പുഴ:** സൗമ്യാ കോംപ്ലക്സ്, വെള്ളക്കിണർ ജംഗ്ഷൻ, സിവിൽ സ്റ്റേഷൻ വാർഡ്, ഹെഡ് പോസ്റ്റ് ഓഫീസ്, ആലപ്പുഴ | 0477-2254121, 2254122<br>bcdcdmalap@gmail.com |
| **കോട്ടയം:** ബിൽഡിംഗ് നമ്പർ XI/696 ഈരയിൽകടവ്, കോട്ടയം– 1 | 0481-2303925, 2565704<br>bcdcdmktm@gmail.com |
| **ഇടുക്കി:** ബിൽഡിംഗ് നമ്പർ 310 A, അലിയകുന്നേൽ ബിൽഡിംഗ്, അനശ്വര സിൽക്സിന് എതിർവശം, ചെറുതോണി, ഇടുക്കി. | 0486-2235264, 2235364<br>bcdcdmidk@gmail.com |
| **എറണാകുളം:** പരമാരാ ഷോപ്പിംഗ് കോംപ്ലക്സ്, എറണാകുളം നോർത്ത്, കൊച്ചി –18 | 0484-2394005, 2390442<br>bcdcdmekm@gmail.com |
| **തൃശ്ശൂർ :** പാലസ് റോഡ്, ടൗൺ ഹാളിനു സമീപം, ചെമ്പുകാവ് പി.ഒ., തൃശ്ശൂർ – 20 | 0487-2321776, 2320707<br>bcdcdmtsr@gmail.com |
| **പാലക്കാട് :** നൈനാൻസ് കോംപ്ലക്സ്, മേട്ടുപ്പാളയം സ്ട്രീറ്റ്, പാലക്കാട് | 0491-2545167, 2545166<br>bcdcdmpkd@gmail.com |
| **മലപ്പുറം :** നമ്പർ 6/520 – ജെ & കെ.ബിൽഡിംഗ്സ് മുണ്ടുപറമ്പ, മലപ്പുറം – 9 | 0483-2734114, 2734115<br>bcdcdmmpm@gmail.<br>com |
| **കോഴിക്കോട് :** വികാസ് ബിൽഡിംഗ്, മൂന്നാം നില, ലിങ്ക് റോഡ്, കോഴിക്കോട് – 2 | 0495-2701800, 2705800<br>bcdcdmkkd@gmail.com |
| **വയനാട്:** പി.ബി.എം. ഹോസ്പിറ്റലിനു സമീപം, മീനങ്ങാടി, വയനാട് | 04936-246309<br>bcdcdmwyd@gmail.com |
| **കണ്ണൂർ :** റ്റി.കെ. 1/408 ജെ, പടന്നപാലം റോഡ്, കണ്ണൂർ – 1 | 0497-2706196, 2706197<br>bcdcdmknr@gmail.com |
| **കാസർഗോഡ്:** ഹൈലൈൻ പ്ലാസാ ബിൽഡിംഗ്, 11/346, A 17 അനബാഗിലു, എം.ജി.റോഡ്, കാസർഗോഡ്. | 04994-227060, 227062<br>bcdcdmkgd@gmail.com |

## ഉപജില്ലാ ഓഫീസുകൾ

| മേൽവിലാസം | ടെലിഫോൺ<br>ഇ-മെയിൽ |
|---|---|
| **വർക്കല:** ലാൽസ് ആർക്കേഡ്, പാലച്ചിറ ജംഗ്ഷൻ, വർക്കല പി.ഒ. തിരുവനന്തപുരം – 695143 | 0470-2605522<br>bcdcsdmvak@gmail.com |
| **ഹരിപ്പാട്:** എസ്.എൻ.ഡി.പി. യൂണിയൻ ബിൽഡിംഗ്, കച്ചേരി ജംഗ്ഷൻ, ഹരിപ്പാട്, ആലപ്പുഴ | 0479-2412110<br>bcdcsdmhad@gmail.com |
| **ചേലക്കര:** മൗന്തിര ഷോപ്പിംഗ് മാൾ പ്രൈവറ്റ് ലിമിറ്റഡ്, ചേലക്കര, തൃശ്ശൂർ | 0479-2412110<br>bcdcsdmchk@gmail.com |
| **പട്ടാമ്പി:** അലക്സ് ആർക്കേഡ്, മേലെ പട്ടാമ്പി, പട്ടാമ്പി, പാലക്കാട് | 0466-2210244<br>bcdcsdmpth@gmail.com |
| **തിരൂർ:** ബിൽഡർ ടവർ, ഏഴൂർ റോഡ്, സവേര ആശുപത്രിക്ക് സമീപം, തിരൂർ, മലപ്പുറം – 1 | 0494-2432275<br>bcdcsdmtir@gmail.com |
| **വണ്ടൂർ:** കുന്നുമ്മേൽ ബിൽഡിംഗ്സ്, മഞ്ചേരി റോഡ്, വണ്ടൂർ, മലപ്പുറം – 679328 | 04931-248300<br>bcdcsdmwdr@gmail.com |

# ഫോട്ടോഗാലറി





















Edited, Printed and Published by KT BALABHASKARAN, Managing Director, KSBCDC Printed at Co-operative Press, Kannur-2 Ph: 0497 2707208, 2704648 presskannur@gmail.com Private Circulation Only